LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്ഷേമപെൻഷൻ - കുടിശ്ശിക

315 (1689) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സംസ്ഥാനത്തെ സാമൂഹ്യക്ഷേമപെൻഷനുകൾ ഓരോന്നും എത്ര ഗഡുവീതം വിതരണം ചെയ്തെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എത്ര ഗഡുവും എത്ര തുകയും കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഇവ എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യനീതിവകുപ്പ് നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമപെൻഷൻ വിതരണത്തിനായി ബഡ്ജറ്റ് വിഹിതമായും ഉപധനാഭ്യർത്ഥനയിലൂടെയും ലഭിച്ച തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) സാമൂഹ്യക്ഷേമ പെൻഷനുകളിൽ വികലാംഗപെൻഷന് ഏകദേശം മൂന്നുമാസത്തേയും വിധവപെൻഷന് ഏകദേശം നാലുമാസത്തേയും, ദേശീയ വാർദ്ധക്യകാലപെൻഷന് ഏകദേശം ആറുമാസത്തേയും 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷന് ഏകദേശം മൂന്നുമാസത്തേയും കുടിശ്ശികയുണ്ട്. പെൻഷൻ വിതരണത്തിന് ആവശ്യമുള്ള തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

		(തുക ലക്ഷത്തിൽ)
1	വികലാംഗപെൻഷൻ	6898.96
2	അഗതി (വിധവ) പെൻഷൻ	19776.96
3	ദേശീയ വാർദ്ധക്യകാലപെൻഷൻ	45005.47
4	50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1179.66

(സി) ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് വിതരണം നടത്തുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.